**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128** **19-01-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാർ പുതുതായി കൊണ്ടുവന്ന കാർഷിക നിയമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ. കുഞ്ഞിരാമൻ,<br>ശ്രീ കെ.വി.അബ്ദുൾ ഖാദർ,<br>ശ്രീ . ജോർജ് എം .തോമസ് ,<br>ശ്രീ. മുരളി പെരുനെല്ലി | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | കാർഷികോത്പാദനവും വിപണനവും ഭരണഘടനയുടെ 7-ാം പട്ടിക പ്രകാരം സംസ്ഥാനങ്ങളുടെ അധികാരമായിരിക്കെ ഇതിന് വിരുദ്ധമായി കേന്ദ്ര സർക്കാർ പുതുതായി കൊണ്ടുവന്ന നിയമങ്ങളും അവശ്യവസ്തു നിയമഭേദഗതിയും കർഷകരിൽ ആശങ്ക സൃഷ്ടിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭരണഘടനാ വിരുദ്ധമായ ഈ നീക്കം തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; | (എ) | ഉണ്ട്. കേന്ദ്രസർക്കാർ പാസാക്കിയ ദി ഫാർമേഴ്സ് (എംപവെർമെന്റ് ആൻഡ് പ്രൊട്ടക്ഷൻ) എഗ്രിമെന്റ് ഓൺ പ്രൈസ് അഷ്വറൻസ് & ഫാം സർവ്വീസസ് ആക്ട് 2020, ഫാർമേഴ്സ് പ്രൊഡ്യൂസ് ട്രേഡ് & കോമേർസ് (പ്രമോഷൻ & ഫെസിലിറ്റേഷൻ) ആക്ട് 2020, അവശ്യ സാധന (ഭേദഗതി) ആക്ട് 2020 എന്നിവ പരസ്പരം ബന്ധപ്പെട്ടിട്ടുള്ളതാണ്. കൃഷിയും കാർഷിക വിപണനവും ഇന്ത്യയെ സംബന്ധിച്ച് തന്ത്രപ്രധാനമായ വിഷയങ്ങളാണ്. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ (ആർട്ടിക്കിൾ 246) കൃഷി 14 ആയും മാർക്കറ്റ് & ഫെയർസ് 28 ആയും സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാരുകളോട് ആലോചിച്ചും സംസ്ഥാന സർക്കാരുകളെ വിശ്വാസത്തിലെടുത്തും അവരുടെ താത്പര്യം സംരക്ഷിച്ചുമല്ലാതെഈ മേഖലയിൽ കേന്ദ്ര നിയമങ്ങൾ കൊണ്ടുവരുവാൻ പാടില്ലായിരുന്നു. ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകതകൾ പരിഗണിച്ചും ആവശ്യങ്ങൾ അനുസരിച്ചുമാണ് കാർഷിക നയങ്ങൾ രൂപീകരിക്കേണ്ടതും നടപ്പിലാക്കേണ്ടതും. ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ മേഖലകളിലും ഈ നിയമങ്ങൾ കൂടുതൽ ഗുരുതരമായ പ്രതിസന്ധികൾ സൃഷ്ടിക്കുമോയെന്ന ആശങ്കയുണ്ട്. ഇപ്പോൾ കുറ്റകരമായി കരുതപ്പെടുന്ന പൂഴ്ത്തി വയ്പും കരിഞ്ചന്തയും കേന്ദ്രനിയമം നടപ്പിലാക്കുന്നതോടെ നിയമപരമായി മാറുകയും ഈ നിയമങ്ങൾ കേരളത്തിലെ റേഷനിങ് സമ്പ്രദായത്തെയും പൊതുവിതരണ രംഗത്തെയും ഗുരുതരമായി ബാധിക്കുമോയെന്ന ആശങ്കയും നിലനിൽക്കുന്നു. |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാർ പാസാക്കിയ മേൽപ്പറഞ്ഞ മൂന്ന് കർഷക വിരുദ്ധ നിയമങ്ങൾ മൂലം ഉണ്ടാവാൻ സാധ്യതയുള്ള ദോഷഫലങ്ങൾ ഈ സഭ തന്നെ ചർച്ച ചെയ്യുകയും കേന്ദ്രസർക്കാർ പാസാക്കിയ മൂന്ന് വിവാദ നിയമങ്ങളും റദ്ദാക്കണമെന്നുള്ള ഒരു പ്രമേയം 31.12.2020 ന് ഐകകണ്ഠ്യേന നിയമസഭയിൽ പാസാക്കുകയും പ്രമേയത്തിന്റെ പകർപ്പ് കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കരാർ കൃഷി പ്രോത്സാഹിപ്പിച്ച് കുത്തക താല്പര്യം സംരക്ഷിക്കത്തക്ക ഈ നിയമം കർഷകന്റെ വിലപേശൽശേഷി ഇല്ലാതാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ നിയമത്തിൽ വില നിശ്ചയിച്ച് കരാറിൽ ഏർപ്പെടണം എന്നാണ് വ്യവസ്ഥ. എന്നാൽ ഉഭയകക്ഷി സമ്മതപ്രകാരം കുറഞ്ഞ വില കരാറിൽ ഉൾപ്പെടുത്താം. ഇത് പ്രകാരം കുറഞ്ഞ താങ്ങുവില ഉറപ്പ് വരുത്തുന്നില്ല. കൂടാതെ ഗുണനിലവാരം, ഗ്രേഡുകൾ എന്നിവ അനുസരിച്ച് വില നിശ്ചയിക്കുവാൻ വ്യവസ്ഥയുള്ളതിനാൽ, കർഷകരുടെ ഉൽപ്പന്നങ്ങൾ കുറഞ്ഞ ഗ്രേഡിംഗിലേക്ക് മാറ്റി വിലയിടിക്കുവാൻ ഇടയാകും എന്ന ആശങ്കയുണ്ട്. കർഷകരുടെ വിലപേശൽ ശേഷി കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ശക്തിക്ക് മുന്നിൽ വളരെ ദുർബലമാകുമോ എന്ന ആശങ്കയും നിലനിൽക്കുന്നു.അതിനാലാണ് കേന്ദ്രസർക്കാർ പാസാക്കിയ മൂന്ന് കർഷക വിരുദ്ധ നിയമങ്ങളും റദ്ദ് ചെയ്യണമെന്ന് കേന്ദ്രസർക്കാരിനോട് പ്രമേയം വഴി ആവശ്യപ്പെട്ടിരിക്കുന്നത്. |
| (സി) | സംസ്ഥാനം പാസാക്കിയ നിയമങ്ങളുടെ മേൽ ഭരണഘടനാ വിരുദ്ധമായി പ്രഭാവം നല്കിയിരിക്കുന്നതിനെതിരെ നിയമ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ? | (സി) | നിയമനടപടിയ്ക്ക് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ